


# രക്ഷകനെ

# കാത്തിരുന്ന ജനം

5

**സീറോ മലബാർ സഭയുടെ വിശ്വാസ**

**പരിശീലന പാഠാവലി.**

പാഠം 9

# ഉടമ്പടിയുടെ ജനം



മോശ മലയിൽ നിന്നിറങ്ങിവരാൻ താമസിക്കുന്നുവെന്നു കണ്ടപ്പോൾ, ജനം അഹറോന്റെ ചുറ്റുംകൂടി പറഞ്ഞു: ഞങ്ങളെ നയിക്കാൻ വേഗം ദേവൻമാരെ ഉാക്കിത്തരുക. ഞങ്ങളെ ഈജിപ്തിൽനിന്നു കൊണ്ടുവന്ന മോശ എന്ന മനുഷ്യന് എന്തു സംഭവിച്ചുവെന്നു ഞങ്ങൾക്കറിവില്ല. അഹറോൻ ഒരു കാളക്കുട്ടിയെ വാർത്തെടുത്തു.

അഹറോൻ കാളക്കുട്ടിയുടെ മുമ്പിൽ ഒരു ബലിപീഠം പണിതു. ജനം യാഗങ്ങളർപ്പിച്ചു. അവർ തീനും കുടിയും കഴിഞ്ഞു വിനോദങ്ങളിലേർപ്പെട്ടു. (പുറപ്പാട് 32:1.6)



# വിഗ്രഹാരാധന: വലിയ പാപം

## വിഗ്രഹാരാധ വഴി ഒന്നാമത്തെ കല്പന ലംഘിച്ചു.

കർത്താവ് മോശയോട് അരുളിചെയ്തു : 'ഉടനെ താഴേക്കു ചെല്ലുക. നീ ഈജിപ്തിൽനിന്നു കൊവന്ന നിന്റെ ജനം തങ്ങളെതന്നെ ദുഷിപ്പിച്ചിരിക്കുന്നു. ഞാൻ നിർദ്ദേശിച്ച മാർഗത്തിൽനിന്ന് അവർ വ്യതിചലിച്ചിരിക്കുന്നു. അവർ ഒരു കാളക്കുട്ടിയെ വാർത്തെടുത്ത് അതിനെ ആരാധിക്കുകയും ബലിയർപ്പിക്കുകയും ചെയ്തിരിക്കുന്നു'. (പുറപ്പാട് 32:1.6)

മോശ താഴേക്കിറങ്ങിവന്നു : കല്പലകകൾ വലിച്ചെറിഞ്ഞു തകർത്തുകളഞ്ഞു. അവൻ കാളക്കുട്ടിയെ എടുത്തു തീയിലിട്ടു ചുട്ടു. അത് ഇടിച്ചു പൊടിച്ച്, പൊടി വെള്ളത്തിൽ കലക്കി ഇസ്രായേൽ ജനത്തെക്കൊണ്ടു കുടിപ്പിച്ചു

# പാപത്തിനു പരിഹാരം

മോശ ഇസ്രായേൽക്കാർക്കുവേി ദൈവത്തോടു കേണപേക്ഷിച്ചു. അവരുടെ തെറ്റിനുള്ള ശിക്ഷ സ്വയം ഏൽക്കാൻ തയ്യാറായി. ദൈവം അവരോടു ക്ഷമിച്ചു. കർത്താവ് മോശയോടു കല്പിച്ചു: രു കല്പലകൾ ചെത്തിയെടുക്കുക. നീ ഉടച്ചുകളഞ്ഞ കല്പലകകളിലുായിരുന്ന വാക്കുകൾ തന്നെ ഞാൻ അതിൽ എഴുതാം.

## ഉടമ്പടിയുടെ ജനത്തിന്റെ പ്രത്യേകതകൾ

1. ദൈവത്തിന്റെ സ്വന്തം ജനമായിത്തീർന്നു.
2. ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമായിത്തീർന്നു.
3. ദൈവത്താൽ നയിക്കപ്പെടുന്ന ജനമായിത്തീർന്നു.
4. ദൈവത്തിനു ബലിയർപ്പിക്കുന്ന പുരോഹിതജനമായിത്തീർന്നു.

# ദൈവകല്പനകൾ

മോശവഴി നൽകിയ കല്പനകൾ ഇസ്രായേൽക്കാരുടെ ജീവിതത്തിലെ കേന്ദ്രബിന്ദുവാണ്. ദൈവത്തോടും മനുഷ്യരോടുമുള്ള ഇസ്രായേൽക്കാരുടെ ബന്ധത്തെക്കുറിച്ചു കല്പനകൾ പഠിപ്പിക്കുന്നു. മോശവഴി നല്കപ്പെട്ടതിനാൽ അവ മോശയുടെ നിയമം എന്നാണ് അറിയപ്പെടുന്നത്.

- ✓ കല്പനകൾ അനുസരിച്ചാൽ അനുഗ്രഹം ലഭിക്കും;
- ✓ അതു ജീവനിലേക്കു നയിക്കും.
- ✓ കല്പനകൾ ലംഘിച്ചാൽ തകർച്ചകളായിരിക്കും ഫലം.
- ✓ അതു മരണത്തിലേക്ക് കൊുചെന്നാക്കും.

# കല്പനകൾ സഭയിൽ

**പുതിയ ഇസ്രായേലായ സഭയിൽ 2 തരം കല്പനകൾ**

1. ദൈവപ്രമാണങ്ങൾ. 2. തിരുസഭയുടെ കല്പനകൾ.

- ❖ ദൈവത്തിനും മനുഷ്യർക്കും പ്രീതികരമായ വിധത്തിൽ ജീവിക്കാൻ ഈ കല്പനകൾ നമ്മെ സഹായിക്കും.
- ❖ ശരിയായ വഴി ഏതാണെന്നു നിരന്തരം നമ്മെ ഓർമ്മിപ്പിക്കുന്നതു കല്പനകളാണ്.
- ❖ അനുസരിച്ചാൽ അവ ജീവനിലേക്കും ലംഘിച്ചാൽ നാശത്തിലേക്കും എത്തിക്കും.



# നമുക്കു പ്രാർത്ഥിക്കാം

**കല്പനകൾ നൽശി ഇസ്രായേൽജനത്തെ വഴിനടത്തിയ ദൈവമേ, അങ്ങയുടെ കല്പനകൾ പാലിച്ച് ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമേ**



# നമുക്കു പാടാം

സീനായ്മലമുകളിൽ പത്തുപ്രമാണങ്ങൾ
സ്വീകൃതമായപ്പോൾ ദൈവം കൃപനൽകി
എങ്കിലുമവരെല്ലാം കല്പനലംഘിച്ചു
പങ്കിലമാനസരായ് വിഗ്രഹതത്പരരായ്!

പാപക്കെണിയെല്ലാം നീക്കുകയായ് ദൈവം
പാരുംവാനവുമായ് പുത്തനുടമ്പടിയായ്
സ്വന്തം ജനനിരയെ ദൈവികജനമാക്കി
സാർത്ഥകമായ്ത്തീർന്നു ദൈവികകല്പനകൾ!

കല്പനയോരോന്നും കാത്തുനടന്നിടുവാൻ
തത്പരരായപ്പോൾ പ്രീതിതനായ് ദൈവം
നീതിയുമതുപോലെ വിശ്വസ്തതയും വിൺ
കതിരുകളായ് ലക്ഷ്യം നേടാനൊരുപോലെ.

# ദൈവവചനം വായിക്കാം, വിവരിക്കാം

**മോശ രാം പ്രാവശ്യം ഉടമ്പടിപ്പത്രികയ്ക്കുവേി**

**മലമുകളിലേക്കു പോയ സംഭവം വിവരിക്കുക**

# വഴികാട്ടാൻ ഒരു തിരുവചനം

**ഞങ്ങളുടെ കുറ്റങ്ങളും പാപങ്ങളും ക്ഷമിക്കുകയും ഞങ്ങളെ അങ്ങയുടെ സ്വന്തമായി സ്വീകരിക്കുകയും ചെയ്യണമേ**

# എന്റെ തീരുമാനം

**ദൈവപ്രമാണങ്ങൾ പാലിച്ചുകൊ് ദൈവത്തിനും മനുഷ്യർക്കും ഇഷ്ടപ്പെട്ടവനായി (ഇഷ്ടപ്പെട്ടവളായി) ഞാൻ ജീവിക്കും**

# ബോധ്യങ്ങൾ

* ദൈവത്തിന്റെ സ്വന്തം ജനമായ ഇസ്രായേൽ ഉടമ്പടിയുടെ ജനമാണ്.

* കല്പനകൾ അനുസരിച്ചാൽ ജീവനിൽ നിലനിൽക്കാം.



# മനോഭാവങ്ങൾ

* ദൈവത്തിന്റെ സ്വന്തം ജനമായി നമ്മെ മാറ്റിയ ദൈവത്തോട് നാം നന്ദിയുള്ളവരായിരിക്കണം.

* ദൈവത്തിന്റെ നിയമങ്ങൾ നാം സന്തോഷത്തോടെ സ്വീകരിക്കണം.



# ശീലങ്ങൾ

* ദൈവകല്പനകൾ പാലിച്ച്, ദൈവത്തിന് ഇഷ്ടപ്പെട്ട കുട്ടിയായി ഞാൻ ജീവിക്കും.





# THANK YOU